ഖുത്ബ നമ്പർ
24
14-06-2013

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلى عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# ആരാണ് മുസ്ലിം

وَقَالُوا لَنْ يَدْخُلَ الْجَنَّةَ إِلَّا مَنْ كَانَ هُودًا أَوْ نَصَارَىٰ ۗ تِلْكَ أَمَانِيُّهُمْ ۗ
قُلْ هَاتُوا بُرْهَانَكُمْ إِنْ كُنْتُمْ صَادِقِينَ ﴿١١٢﴾
بَلَىٰ مَنْ أَسْلَمَ وَجْهَهُ لِلَّهِ وَهُوَ مُحْسِنٌ فَلَهُ أَجْرُهُ عِنْدَ رَبِّهِ
وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿١١٣﴾

"യഹൂദരോ ക്രൈസ്തവരോ അല്ലാതെ മറ്റാരും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് അവർ പറയുന്നു. അതവരുടെ വ്യാമോഹങ്ങളാണ്. പറയുക; നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളുടെ തെളിവ് ഹാജരാക്കുക."

"അങ്ങനെയല്ല! ഏതൊരാൾ സുകൃതം ചെയ്യുന്നവനായിരിക്കെ അല്ലാഹുവിന് സ്വയം അർപ്പണം ചെയ്യുന്നുവോ അവന് തന്റെ രക്ഷിതാവിന്റെ അടുക്കൽ അവന്റെ പ്രതിഫലമുണ്ട്. അവർക്ക് യാതൊന്നും ഭയപ്പെടാനില്ല, അവർ വ്യസനിക്കുന്നതുമല്ല." (2:112,113)

കഴിഞ്ഞ ദിവസം ഒരാളുടെ കത്ത് എനിക്ക് ലഭിച്ചു. അതിൽ അദ്ദേഹം എഴുതുന്നു. 'പാക്കിസ്ഥാനിൽ ഇപ്പോൾ വന്നിരിക്കുന്ന ഗവൺമെന്റും മുമ്പുള്ള ഗവൺമെന്റുകൾ ചെയ്തതു പോലെത്തന്നെ അഹ്മദികളോട് ചെയ്യുന്നതാണ്.' ആ വ്യക്തി ഒരു മന്ത്രിയുടെ പേര് പരാമർശിച്ചു കൊണ്ട് എഴുതി. 'അയാൾ മുമ്പും അഹ്മദികളോട് മോശമായാണ് പെരുമാറിയിട്ടുള്ളത്. അവിടെ ഇനിയും നമ്മുടെ അവസ്ഥ മോശമാകുന്നതാണ്.' എഴുതുന്ന വ്യക്തി തന്റെ വ്യാകുലത കത്തിൽ പ്രകടിപ്പിക്കുകയും ചെയ്തു.

ഭാവിയിൽ എന്ത് സംഭവിക്കും എന്നത് അല്ലാഹുവിനെ നന്നായി അറിയുകയുള്ളൂ. ഈ സർക്കാരാണെങ്കിലും വേറെ ഏതെങ്കിലും സർക്കാറാണെങ്കിലും അഹ്മദികൾക്കെതിരിൽ ക്രൂരത മാത്രം നിറഞ്ഞു നിൽക്കുന്ന ഒരു കരിനിയമം പാക്കിസ്ഥാനിൽ നിലനിൽക്കുമ്പോൾ ഇങ്ങനെ വ്യാകുലപ്പെടേണ്ട കാര്യമില്ല. പാക്കിസ്ഥാനിൽ അഹ്മദികളെ സംബന്ധിച്ച് ഈ ഒരു വ്യാകുലത സ്ഥിരമായിട്ടുള്ളതാണ്. പാക്കിസ്ഥാനി അഹ്മദികൾ ഇക്കാര്യത്തിൽ കൂടുതലായി ദുആ ചെയ്യേണ്ടതാണ്.

ഭൗതിക ഗവൺമെന്റിനോട് വല്ലതും നമുക്ക് നേടാനുണ്ടെങ്കിൽ ഇങ്ങനെയുള്ള വ്യാകുലത ആവാമായിരുന്നു. എന്നാൽ നമ്മുടെ സർവ്വ ആശ്രയവും അല്ലാഹുവിന്റെ അസ്ഥിത്വവുമായി ബന്ധപ്പെട്ടു നിൽക്കുന്നതുകൊണ്ട്, തീർച്ചയായും നാം ആശ്രയിക്കുന്നതും അല്ലാഹുവിന്റെ അസ്ഥിത്വത്തിൽ തന്നെയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള വ്യാകുലതക്ക് ഒരു സ്ഥാനവുമില്ല. ഇന്ന സർക്കാർ വന്നാൽ നമ്മുടെ അവസ്ഥ ശരിയാകും എന്നോ ഇന്ന സർക്കാർ വന്നാൽ നമ്മുടെ അവസ്ഥ മോശമാകുമെന്നോ മറ്റും വിചാരിക്കേണ്ട കാര്യം തന്നെയില്ല. അല്ലാഹു നമ്മോടൊപ്പമുണ്ടെങ്കിൽ, അല്ലാഹുവുമായി നമുക്ക് ബന്ധമുണ്ടെങ്കിൽ ഇവരെ പരിഗണിക്കേണ്ട കാര്യമില്ല. ഭൗതിക സർക്കാറുകൾ ഭൗതിക തലത്തിൽ അവർ ഉദ്ദേശിക്കുന്നതെന്തൊ അത് നടപ്പിൽ വരുത്തുന്നു.

അഹ്മദികൾക്കെതിരിൽ ഈ കരിനിയമം അസംബ്ലിയിൽ പാസ്സാക്കിയിട്ട് 38 വർഷം കഴിഞ്ഞു. അന്നു മുതൽ അക്രമം ചെയ്തു കൊണ്ടിരിക്കുന്നു. ഇതിനു മുമ്പ് ഹ:മസീഹ് മൗഊദ് (അ) ന്റെ കാലത്തും എതിർപ്പുകളുണ്ടായിട്ടുണ്ട്. അക്കാലത്തും സർക്കാറുകൾ സർക്കാർ തലത്തിലല്ലെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്മാർ എതിരാളികളോട് ചേർന്ന് കൊണ്ട് അഹ്മദിയ്യാ ജമാഅത്തിനെതിരിലും ചില അഹ്മദികൾക്കെതിരിലും അക്രമം ചെയ്തു കൊണ്ടിരുന്നിട്ടുണ്ട്.

ചുരുക്കത്തിൽ ഏതുതരം കാഴ്ചപ്പാടുള്ള സർക്കാറുകളാണെങ്കിലും അവർ അവരുടെ ധാരണയിൽ അഹ്മദികളെ ഇസ്ലാമിക വൃത്തത്തിൽ നിന്നും പുറത്താക്കിയിരിക്കുകയാണ്. എതിർപ്പിന്റെ കാരണം ഇതാണ്. ഇതു കാരണമാണ് മുല്ലാക്കൾക്ക് അഴിഞ്ഞാടാൻ പൂർണ്ണ സ്വാതന്ത്രം നൽകിയിരിക്കുന്നത്. ഏതു ഗവൺമെന്റ് വന്നാലും അക്രമം രൂക്ഷമായി കൊണ്ടിരിക്കുകയാണ്. അതിനാൽ ഒരു ഭൗതിക സർക്കാരിലും നമുക്ക് പ്രതീക്ഷ വെച്ചു പുലർത്താൻ പാടില്ല. അതേപോലെ നാം ഇസ്ലാമിക വൃത്തത്തിനകത്താണെന്നതിന് ഒരു സർക്കാറിന്റെയും സർട്ടിഫിക്കറ്റിന്റെ ആവശ്യവുമില്ല.

അല്ലാഹുവിന്റെ ദൃഷ്ടിയിൽ ആരാണോ മുസ്ലിം അവരാണ് യഥാർത്ഥ മുസ്ലിം. അല്ലാഹുവിന്റെ ഏകത്വത്തിൽ ദൃഢമായി വിശ്വസിക്കുന്നു എന്നും തിരുനബി (സ) യെ ശരീഅത്തോടു കൂടിയ അവസാനത്തെ നബിയായി അംഗീകരിക്കുന്നുവെന്നും ഖാത്തമുൽ അമ്പിയാ ആണെന്ന് ദൃഢമായി വിശ്വസിക്കുന്നു എന്നും പ്രഖ്യാപിക്കുന്നവരുമാണ് യഥാർത്ഥ മുസ്ലിം. ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദികൾ മുസ്ലിംകളാണ്. വിശ്വാസപരമായും കർമപരമായും അവർ മുസ്ലിംകളാണ്. മറ്റുള്ളവരേക്കാളും ശക്തരായ മുസ്ലിംകളാണ്. ഈ ഒരു പ്രഖ്യാപനത്തിന് ശേഷവും ഞങ്ങളെ നിർബന്ധിച്ച് അമുസ്ലിംകളായി പ്രഖ്യാപിച്ചുകൊണ്ട് ഈ ഭരണഘടനപരമായ മുസ്ലിംകൾ ഞങ്ങളോട് എന്തു ചെയ്താലും, ഭരണകൂടങ്ങളും അതിലെ മന്ത്രിമാരും ഭരണതന്ത്രജ്ഞരും ഞങ്ങളോട് എന്ത് ചെയ്താലും ഞങ്ങൾക്ക് പ്രശ്നമില്ല. ഇവരുടെ ഈ പ്രവർത്തനഫലമായി ഇവർ അല്ലാഹുവിന്റെ മുമ്പിൽ കുറ്റക്കാരായി മാറുകയാണ് ചെയ്യുന്നത്. ഇവരുടെ ഈ പ്രവർത്തനങ്ങൾ

തീർച്ചയായും നമ്മേ അല്ലാഹുവിന്റെ സമീപത്തേക്ക് കൊണ്ടു വരുന്നതാകേണ്ടതാണ്. ഓരോ അഹ്മദിയും ഇത് മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിന്റെ ഈ സാമീപ്യവും ഇതിൽ കൂടുതൽ മുന്നേറുന്നതും തന്നെയാണ് ദൈവീക പ്രസ്ഥാനങ്ങളുടെ അടയാളം. ഇതാണ് അടയാളമായിത്തീരേണ്ടത്.

ഇവിടെ ഞാൻ ഭരണഘടനാ പരമായ മുസ്ലിംകൾ എന്ന് പറയുകയുണ്ടായി. എന്തുകൊണ്ടാണ് ഞാനിതു പറഞ്ഞത് എന്ന് വ്യക്തമായി അറിയാത്തവരുടെ അറിവിലേക്കായി പറയുകയാണ്. പാക്കിസ്ഥാനിലെ ഭരണഘടനയും നിയമവും പറയുന്നത് അഹ്മദികൾ ഭരണഘടനപരമായും നിയമപരമായും മുസ്ലിംകളല്ല എന്നാണ്. ഈ പ്രഖ്യാപനം തന്നെ അത്ഭുതകരമാണ്. ഒരു തമാശയാണിത്. ഒരു ജനാധിപത്യ നിയമ നിർമ്മാണ സഭയും ജനാധിപത്യ ഗവർമെന്റും മതത്തെ കുറിച്ച് തീരുമാനങ്ങൾ പ്രഖ്യാപിക്കുക എന്നത് അത്ഭുതകരം തന്നെ. ഏതായിരുന്നാലും 1974 ൽ ഇതു സംബന്ധമായി ഒരു നിയമം പാസാക്കുകയുണ്ടായി. അതിന് ശേഷം ഭരണാധികാരിയായി വന്ന സേനാനായകൻ ഈ നിയമത്തിൽ കൂടുതൽ കഠിനകരമായ നിയമങ്ങൾ കൂട്ടിച്ചേർക്കുകയും ചെയ്തു.

ഇപ്പോൾ അതിന്റെ വിശദീകരണത്തിലേക്ക് ഞാൻ പോകുന്നില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദികൾ നിയമത്തിന്റെ മുന്നിലും ഭരണഘടനയുടെ മുമ്പിലും അമുസ്ലീംകളാണ്. ലോകത്ത് ഇന്ന് ഇസ്ലാമിന്റെ യഥാർത്ഥ ചിത്രം പ്രദർശിപ്പിക്കുന്നവർ അഹ്മദികളായിരുന്നിട്ടു കൂടി ഇതാണ അവസ്ഥ. എന്നാൽ അനഹ്മദികളായ പാക്കിസ്ഥാൻ പൗരന്മാർ ഭരണഘടനയുടെയും നിയമത്തിന്റെയും മുമ്പിൽ മുസ്ലിംകളാണ്. എന്നാൽ ഇസ്ലാമിന്റെ തെറ്റായ ചിത്രമാണ് ഇവരിൽ ഭൂരിഭാഗം കക്ഷികളും ലോകത്തിനു മുമ്പാകെ സമർപ്പിക്കുന്നത്. ഇവർ ഇസ്ലാമിനെ അപമാനപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നിട്ടും അവർ മുസ്ലിംകൾ ?

ലോകത്തുള്ള പലരും എന്നോട് ചോദിക്കുന്നു ഒരു ചോദ്യമുണ്ട്. അടുത്ത കാലത്ത് നടന്ന അമേരിക്ക, കാനഡ സന്ദർശനങ്ങളിൽ എല്ലാ സ്ഥലത്തും വാർത്ത ഏജൻസികൾ ചോദിച്ച ചോദ്യമാണിത്. 'അതായത് നിങ്ങൾ സമർപ്പിക്കുന്ന ഇസ്ലാം വളരെ നല്ലതാണെന്നത് ശരി തന്നെ. എന്നാൽ മുസ്ലിം ഭൂരിപക്ഷം നിങ്ങളെ മുസ്ലീംകളായിത്തന്നെ പരിഗണിക്കുന്നില്ലല്ലൊ? അതേ പോലെ ഇസ്ലാമിനെ കുറിച്ച് നിങ്ങൾ പറയുന്നതിന് ഘടകവിരുദ്ധമായാണ് അവർ പ്രവർത്തിക്കുന്നത്. അതോടൊപ്പം താങ്കൾ പറയുന്നത് ലോകത്ത് അഹ്മദികൾ യഥാർത്ഥ ഇസ്ലാമിക വിപ്ലവം കൊണ്ടുവരും എന്നുമാണ്. ഇതെങ്ങനെ സംഭവിക്കും?'

അവരോട് ഞാൻ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്. ഈ കാര്യങ്ങളെല്ലാം നടക്കുമോ എന്നതല്ല. ഇതെല്ലാം നടന്നു കൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് നല്ലവരായ മുസ്ലിംകൾ ഈ യഥാർത്ഥ ഇസ്ലാമിനെ മനസ്സിലാക്കികൊണ്ട് ഓരോ വർഷവും അഹ്മദിയ്യത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുകയാണ്. ഈ യഥാർത്ഥ ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. إِنْ شَآءَ ٱللَّٰهُ ഇസ്ലാം ഒരു ശാന്തി സമാധാന മതമാണെന്നും ഹ: മുഹമ്മദ് റസൂലുല്ലാഹ് (സ) സമാധാന സന്ദേശവാഹകനാണെന്നും അദ്ദേഹത്തെ പോലുള്ള സമാധാനകാംഷിയെ ലോകത്ത് കാണാൻ സാധ്യമല്ലെന്നും ലോകത്തിന്റെ മോക്ഷം അദ്ദേഹത്തിന്റെ പതാകക്കു കീഴെയാണെന്നും ലോകരെ അംഗീകരിപ്പിക്കുന്നത് വരെ ഞങ്ങൾ ഈ പ്രവർത്തനം ചെയ്തുകൊണ്ടേയിരി ക്കും.' മറ്റൊന്ന് ഞാൻ അവരോട് പറയാറുള്ളത് ഒരാളുടെ മതത്തെ കുറിച്ച് തീരുമാനം കല്പ്പിക്കൽ, ഒരാൾ ഇന്ന മതം വിശ്വസിക്കുന്നവനാണെന്നും അല്ലെന്നും വിധിയെഴുതൽ മറ്റൊരാളുടെ ജോലിയല്ല. മറിച്ച് ഓരോ മനുഷ്യനും അവന്റെ മതത്തെ കുറിച്ച് സ്വയം തീരുമാനമെടുക്കുകയാണ് ചെയ്യുക. ചില തീവ്രവാദ സർക്കാറുകളും മുല്ലാക്കളും ഞങ്ങളെ മുസ്ലിമായി പരിഗണിച്ചാലും ഇല്ലെങ്കിലും ശരി ഞങ്ങൾക്ക് അതു കൊണ്ട് ഒരു വ്യത്യാസവും വരില്ല. ഞാൻ മുസ്ലിമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹ: മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരെല്ലാം മുസ്ലിംകളാണ്. ഹ:മസീഹ് മൗഊദ്(അ) നെ വിശ്വസിക്കാത്തവരെക്കാളും നല്ല മുസ്ലിംകളാണ്. ഓരോ അഹ്മദിയും മനസ്സിലാക്കുന്നത് ഇതാണ്.' എതിരാളികൾ ഏതു വിധത്തിലുള്ള പ്രവർത്തികൾ ചെയ്താലും അഹ്മദിയ്യ ത്തിന് ഒന്നും സംഭവിക്കുന്നതല്ല. എന്നാൽ ഏതെങ്കിലും സർക്കാരോ മന്ത്രിയോ അവരുടെ കൂട്ടാളികളോ അഹ്മദികളോട് അക്രമം ചെയ്യുകയാണെങ്കിൽ അവർ ലോകത്ത് തങ്ങളുടെ സർക്കാറിനെയും തന്റെ രാജ്യത്തെയും അപകീർത്തിപ്പെടുത്തുകയായിരിക്കും ചെയ്യുക. സർക്കാർ അപകീർത്തിക്ക് പാത്രമാകുന്നതിൽ ഞങ്ങൾക്ക് പ്രശ്നമില്ല. ഒരു പാക്കിസ്ഥാനി എന്ന നിലക്ക് തീർച്ചയായും ലജ്ജിക്കുമെന്നത് നേരാണ്. എന്നാൽ രാജ്യം അപകീർത്തിപ്പെടുമ്പോൾ അഹ്മദികൾക്ക് വേദനയുണ്ട്. കാരണം ഈ രാജ്യത്തിന് വേണ്ടി വളരെ ത്യാഗം ചെയ്തവർ ഞങ്ങളിലുണ്ട്. ഇപ്പോൾ ഇവിടെ മതത്തിന്റെ പേരിൽ രക്തപ്പുഴ ഒഴുക്കി രാജ്യത്തെ അപകീർത്തിപ്പെടുത്തുക മാത്രമല്ല ഇവർ ചെയ്യുന്നത്. മറിച്ച് ഇതെല്ലാം ചെയ്യുന്നത് ഇസ്ലാമിന്റെ പേരിലാണ്. ശാന്തിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മതമായ ഇസ്ലാമിനെയും അപകീർത്തിപ്പെടുത്താനാണ് ശ്രമിക്കുന്നത്. അല്ലാഹു തആല പറയുന്നു: ശത്രുക്കളോടു പോലും നിങ്ങൾ സുകൃതം ചെയ്യുക. നീതിയുടെ പ്രശ്നം വരുമ്പോൾ നീതിക്ക് മുൻതൂക്കം നൽകുക.

وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ عَلَىٰٓ أَلَّا تَعْدِلُوا۟ ۚ
ٱعْدِلُوا۟ هُوَ أَقْرَبُ لِلتَّقْوَىٰ ۖ وَٱتَّقُوا۟ ٱللَّهَ (5:9)

ഇതാണ് അല്ലാഹുവിന്റെ കല്പന. ഏതെങ്കിലും സമൂഹത്തോടുള്ള ശത്രുത നീതി നടപ്പിൽ വരുത്താതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. നീതി നടപ്പിൽ വരുത്തുക. ഇത് തഖ്വയുമായി വളരെ അടുത്തതാണ്. അല്ലാഹു പറയുന്നു: എന്റെ തഖ്വ നിങ്ങൾ സ്വീകരിക്കുക.

ചുരുക്കത്തിൽ ഇസ്ലാം നൽകുന്ന അദ്ധ്യാപനമാണിത്. നാം ഇസ്ലാമിന്റെ എതിരാളികളെ ഇസ്ലാമിന്നെതിരിൽ അവൻ ശബ്ദിക്കുമ്പോൾ വിശുദ്ധ ഖുർആന്റെ ഇവ്വിധമുള്ള മനോഹര അദ്ധ്യാപനങ്ങൾ സമർപ്പിച്ചു കൊണ്ടാണ് അവരുടെ വായ അടപ്പിക്കാറുള്ളത്. യഥാർത്ഥ വിശ്വാസി അല്ലാഹുവിന്റെ ഭയവും പ്രീതിയും തൃപ്തിയുമാണ് മുന്നിൽ വെക്കുക. ഒരു യഥാർത്ഥ വിശ്വാസിക്ക് അനീതിയെയും അക്രമത്തെയും പിൻതുണക്കാൻ സാധ്യമല്ല.

എന്നാൽ ഇവിടെയുള്ള പ്രശ്നം മറ്റൊന്നാണ്. ഏതൊരു കൂട്ടരുടെ പിന്നാലാണോ ജനങ്ങൾ നടക്കുന്നത് അവരിൽ തഖ്വയില്ല. തഖ്വയില്ലെങ്കിൽ അവരിൽ നിന്ന് അക്രമവും

അനീതിയും മാത്രമേ പ്രതീക്ഷിക്കാൻ സാധിക്കുകയുള്ളൂ. ഇതല്ലാതെ മറ്റൊന്നും അവരിൽ നിന്ന് പ്രതീക്ഷിക്കാവതല്ല.

യു.കെ ജമാഅത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ഇവിടെ യു.കെയിൽ പാർലിമെന്റ് ഹൗസിൽ രണ്ട് ദിവസം മുമ്പ് ഒരു ഫങ്ഷൻ നടക്കുകയുണ്ടായി. അതിൽ പാർലിമെന്റേറിയൻ പങ്കെടുത്തിരുന്നു. ഡെപ്യൂട്ടി പ്രൈം മിനിസ്റ്റർ വന്നിരുന്നു. ആറ് മന്ത്രിമാരും മറ്റു ഡിപ്ലോമേറ്റും മറ്റു വിദ്യാസമ്പന്നരുമായ ആളുകളും ഉണ്ടായിരുന്നു. അവരുടെ മുമ്പാകെയും ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനങ്ങളുടെയും തിരുനബി(സ) യുടെ മാതൃകയുടെയും വെളിച്ചത്തിൽ യഥാർത്ഥ ഇസ്‌ലാം എന്താണെന്ന് ഞാൻ പറയുകയുണ്ടായി. അപ്പോൾ അവിടെയുള്ളവർ പറഞ്ഞത് എപ്പോഴും താങ്കൾ ഇവ്വിധത്തിലുള്ള നല്ല കാര്യങ്ങളാണ് പറയാറുള്ളത്. അഹ്മദിയ്യാ ജമാഅത്ത് ശാന്തിയുടെയും സമാധാനത്തിന്റെയും കാര്യങ്ങളാണ് പറയാറുള്ളത്. എന്നാൽ മറ്റു മുസ്‌ലിം സംഘടനകളുടെ ചെയ്തികൾ മൂലം ഞങ്ങൾക്ക് പ്രയാസം നേരിടേണ്ടി വരുന്നു. ചില രാഷ്ട്രീയ പ്രവർത്തകർ തുറന്ന് കാര്യങ്ങൾ പറയും. ചിലർ രാഷ്ട്രീയ സ്ഥിതി വിശേഷം കാരണം പേടിച്ച് പേടിച്ച് കൊണ്ടാണ് കാര്യങ്ങൾ പറയാറുള്ളത്. ഏതായിരുന്നാലും വിശുദ്ധ ഖുർആന്റെയും തിരുനബി (സ) യുടെ മാതൃകയുടെയും വെളിച്ചത്തിൽ കാര്യങ്ങൾ പറയുമ്പോൾ ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനം എന്താണെന്ന് അവർക്ക് മനസ്സിലാകുന്നു. ചിലർ വളരെയധികം സ്വാധീനിക്കപ്പെടാറുണ്ട്. ഒരു രാജ്യത്തെ അമ്പാസിഡർ എന്നോട് പറഞ്ഞത് വിശുദ്ധ ഖുർആനിൽ നിന്നും മറ്റും താങ്കൾ സമർപ്പിച്ചിരുന്ന ഓരോ വാക്കും എന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുകയയിരുന്നു. ഇദ്ദേഹം കൃസ്ത്യാനിയാണ്. അദ്ദേഹത്തോട് വലരെ നല്ല അടുപ്പമാണ്. പല പരിപാടികളിലും അദ്ദേഹം വരാറുണ്ട്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: നിങ്ങളുടെ ഹൃദയത്തിൽ മാത്രം സൂക്ഷിക്കാനല്ല ഞാൻ പറഞ്ഞത്. ഈ സന്ദേശത്തെ നിങ്ങളുടെ ചുറ്റും പ്രചരിപ്പിക്കുകയും വേണം. അദ്ദേഹം പറഞ്ഞു: ഇത് ഞാൻ ചെയ്യുന്നുണ്ട്. ഭാവിയിൽ ഇതു ചെയ്യുന്നതാണ്. ഈ വാക്കുകൾ മറ്റുള്ളവരുടെ ഹൃദയത്തെ സ്വാധീനം ചെലുത്തുന്നുണ്ട്. എന്നാൽ കഠിനഹൃദയരായ മുല്ലാവർഗം ഇത് കേട്ടിട്ടും അതും ഞങ്ങളുടെ നാവിൽ നിന്നും കേട്ടിട്ടും അവരുടെ ഹൃദയം കല്ലായി മാറുകയാണ്.

ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണ വെച്ചു പുലർത്തുന്നവരുടെ തെറ്റിദ്ധാരണ ഞങ്ങൾ മാറ്റികൊണ്ടിരിക്കുകയാണ്. ഇതാണ് ഞങ്ങളുടെ ജോലി. ഇസ്‌ലാമിന്റെ മനോഹാരിത ഞങ്ങൾ ലോകത്തിന് കാണിച്ചു കൊടുക്കുന്നു. ഇത് ഞങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്നതാണ്. എന്നിട്ടും മുസ്‌ലിം നാടുകളിലെ നേതാക്കന്മാരും വിദ്യാസമ്പന്നരായ ചിലരും മുല്ലാക്കളുടെ പിന്നാലെ നടന്ന് അഹ്മദികൾക്കെതിരിൽ അക്രമം ചെയ്യുന്നു. ഇത് അവരുടെ പ്രവർത്തിയാണ്. നാം നമ്മുടെ പ്രവർത്തനം ചെയ്തുകൊണ്ടിരിക്കുന്നതു പോലെ അവർ അവരുടെ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

അതു കൊണ്ട് നമുക്ക് ഇക്കാര്യത്തിൽ വ്യാകുലപ്പെടേണ്ടതില്ല. ഇവരിൽ നിന്നും നാമൊന്നും പ്രതീക്ഷ വെച്ചു പുലർത്തുന്നില്ല. മാത്രമല്ല ഇവരിലേക്ക് നാം നോക്കുന്നുമില്ല. നീതിപൂർവ്വം ഇവർ ഭരണം നടത്തുകയാണെങ്കിൽ, അക്രമത്തെ അമർച്ച ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ കൽപന അംഗീകരിച്ചു കൊണ്ട് അവന്റെ പ്രതിഫലത്തിന് ഇവർ അർഹരായിത്തീരുന്നതാണ്. അല്ലെങ്കിൽ ഞങ്ങളുടെ ദൈവം ഞങ്ങളോടൊപ്പമുണ്ട്. അവൻ ഞങ്ങൾക്ക് സ്വാന്തനം നൽകികൊണ്ടിരിക്കുന്നു. അവർ ഞങ്ങളെ സംരക്ഷിക്കുന്നു. അല്ലായെങ്കിൽ നാം രക്ഷപ്പെടില്ല. കാരണം ഇവരുടെ പദ്ധതികൾ വളരെ ഭയാനകമാണ്.അല്ലാഹു ഈ ലോകത്തും പരലോകത്തും അവന്റെ വാഗ്ദാന പ്രകാരം ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകുന്നതാണ്. എന്നാൽ അക്രമികളെ പിടിക്കാനുള്ള ഏർപ്പാടും അല്ലാഹു ചെയ്യുന്നതാണ്.

അതുകൊണ്ട് നമുക്ക് ഭൗതികഭരണകൂടങ്ങളിലേക്ക് പ്രതീക്ഷ വെക്കുന്നതിനുപകരം അല്ലാഹുവിലേക്ക് നോക്കേണ്ടിയിരിക്കുന്നു. അവന്റെ ദയാ ദൃഷ്ടിയിലേക്ക് നോക്കിക്കൊണ്ട് അവന്റെ കൽപനയനുസരിച്ച് മുന്നോട്ട് പോകേണ്ടിയിരിക്കുന്നു.

ഇനി മറ്റൊരു കാര്യം. ഞങ്ങൾ പറയുന്നതനുസരിച്ച് പ്രവർത്തിക്കാത്തവരും ഞങ്ങളെ പിൻപറ്റാത്തവരും ദൈവത്തിൽ നിന്നും അകറ്റപ്പെട്ടവരും അവർ നരകാവകാശികളുമാണെന്ന മതത്തിന്റെ കുത്തകാവാകാശികളുടെ പ്രഖ്യാപനം ഞങ്ങൾക്ക് ഒരു പ്രശ്നവുമില്ല. ഈ പ്രഖ്യാപനത്തിലൂടെ അഹ്മദികളോട് എന്തു നീചപ്രവർത്തനവും ചെയ്യുവാനുള്ള അനുവാദം അവർ തങ്ങളുടെ അനുയായികൾക്ക് നൽകിയിരിക്കുകയാണ്. അഹ്മദികളോട് എന്ത് ചെയ്താലും ആരും നിങ്ങളെ ചോദ്യം ചെയ്യില്ല എന്നും അവർ തങ്ങളുടെ അനുയായികളോട് പറയുന്നു. ഇപ്പോൾ ഇതു തന്നെയാണ് അവിടെ നടക്കുന്നത്. നിയമനിർമ്മാതാക്കളാണെന്ന് വാദിക്കുന്ന സർക്കാർ അഹ്മദികൾക്കെതിരിലുള്ള അക്രമത്തിനെതിരിൽ ഒന്നും ചെയ്യുന്നില്ലെന്ന് മാത്രമല്ല, മറിച്ച് അക്രമികളെ സഹായിക്കുകയാണ് ചെയ്യുന്നത്.

ഒരു അഹ്മദിയെ രണ്ട് ദിവസം കറാച്ചിയിൽ ശഹീദാക്കുകയുണ്ടായി. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ ഒരാൾ ജഹ്‌ലമിൽ വധശ്രമത്തിനിരയാകുകയും ചെയ്തു. അദ്ദേഹത്തിന് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. ഇപ്പോൾ ആശുപത്രിയിലാണ്. അല്ലാഹു അദ്ദേഹത്തിന് പൂർണ്ണ ആരോഗ്യത്തോടു കൂടി രോഗശാന്തി നൽകട്ടെ. അഹ്മദികളുടെ സുഹൃത്തുക്കളായ അനഹ്മദി കൂട്ടുകാരും ഈ അക്രമണത്തിന് ഇരയാകുന്നു എന്നതാണ് ദുഃഖകരം. കറാച്ചിയിൽ നടന്ന ശഹാദത്ത് സംഭവത്തിൽ ഇദ്ദേഹത്തോടൊപ്പം കാറിൽ സഞ്ചരിച്ചിരുന്ന ഇദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്തും ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിൽ കഴിയുകയാണ്. അല്ലാഹു അദ്ദേഹത്തിനും സുഖം നൽകട്ടെ! അദ്ദേഹത്തിന്റെ അവസ്ഥയും മോശമാണ്. മറ്റൊരാൾ സുഖം പ്രാപിക്കുന്നു. (ഒരു സുഹൃത്ത് കറാച്ചിയിലാണ്. മറ്റൊരു സുഹൃത്ത് ജഹ്‌ലമിലാണ് സരായെ ആലംശീറിലാണ്. ഇദ്ദേഹത്തിന്റെ അവസ്ഥ മുമ്പത്തെക്കാൾ മെച്ചപ്പെട്ടിട്ടുണ്ട് അല്ലാഹു ഇവർക്ക് ശിഫാ നൽകട്ടെ.)

അല്ലാഹു പറയുന്നു: ഇത് പുതിയ കാര്യമല്ല. മുമ്പുള്ള മതത്തിന്റെ കുത്തകക്കാരും ഇതെല്ലാമാണ് ചെയ്തിരുന്നത്. എന്നാൽ അല്ലാഹു പ്രഖ്യാപിക്കുന്നത് മറ്റൊന്നാണ്. ആരാണോ അല്ലാഹുവിന്റെ തൃപ്തിക്ക് കീഴ്പ്പെട്ടുകൊണ്ട് ജീവിക്കുന്നത്, നന്മ ചെയ്യുകയും ചെയ്യുന്നത്, അവരുടെ പ്രതിഫലം അവരുടെ നാഥന്റെ പക്കലാണ്.

സ്വർഗത്തിലും നരകത്തിലും പോകാനുള്ള സർട്ടിഫിക്കറ്റ് മതത്തെ രക്തകളമാക്കുന്നവരോ മറ്റാരെങ്കിലുമോ തരേണ്ടതില്ല. ഏതെങ്കിലും അസംബ്ലിയുമല്ല നൽകേണ്ടത്. ഹൃദയാവസ്ഥ അറിയുന്ന അല്ലാഹു ഇപ്രകാരം പ്രഖ്യാപിക്കുന്നു. ആരാണോ സദ്പ്രവർത്തികൾ ചെയ്യുന്നത്, അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്നത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പന കാരണമായി കാലഘട്ടത്തിന്റെ ഇമാമിന്റെ ബൈഅത്തിൽ പ്രവേശിച്ചത്, അവർക്ക് ഭയപ്പെടേണ്ട കാര്യമില്ല. ദുഃഖിക്കേണ്ട ആവശ്യമില്ല. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനായി അവന്റെ അധ്യാപനമനുസരിച്ച് ചെയ്ത ഓരോ പ്രവർത്തികളും അവനെ ദൈവപ്രീതി കരസ്ഥമാക്കുന്നവനായി മാറ്റുന്നതാണ്. അതുകൊണ്ട് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനയനുസരിച്ച് വാഗ്ദത്ത മസീഹിന്റെ ബൈഅത്തിൽ വന്നിരിക്കുന്ന ഓരോ അഹ്മദിയും തീർച്ചയായും അല്ലാഹുവിന്റെ കല്പനകളെ ശിരസ്സാ വഹിക്കുന്നതാണ്. അവൻ മുസ്‌ലിമാണ്. മാത്രമല്ല യഥാർത്ഥ മുസ്‌ലിം അവനാണ്. അല്ലഹുവിന്റെ പ്രീതിയെ കരസ്ഥമാക്കുന്നവനുമാണ്. അവൻ മുസ്‌ലിമാണെന്നതിന് ഏതെങ്കിലും അസംബ്ലിയുടെയോ സർക്കാറിന്റെയോ സാക്ഷ്യപത്രത്തിന്റെ ആവശ്യമില്ല.

ഞാൻ ഓതിക്കേൾപ്പിച്ച വിശുദ്ധ ഖുർആൻ വചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിമാണെന്ന് പ്രഖ്യാപിക്കുന്നവരും യഥാർത്ഥ അർത്ഥത്തിൽ മുസ്‌ലിമാണ്. പറയുന്നു, **മൻ അസ്‌ലമ വജ്ഹഹു ലില്ലാഹി** അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പന പ്രകാരം ആരാണോ തന്റെ സർവ്വ ശ്രദ്ധയും അല്ലാഹുവിലേക്ക് തിരിച്ചു വിട്ടുകൊണ്ട് താൻ മുസ്‌ലിമാണെന്ന് പ്രഖ്യാപിക്കുന്നത് അവരാണ് യഥാർത്ഥ മുസ്‌ലിം. നിങ്ങൾ മുസ്‌ലിം ആണെന്ന് മറ്റൊരാൾ പ്രഖ്യാപിക്കണമെന്ന് അല്ലാഹു ഇവിടെ പറഞ്ഞിട്ടില്ല. മറിച്ച് ഓരോരുത്തരും സ്വയം അല്ലാഹുവിന്റെ അനുസാരിയാക്കി മാറ്റി സ്വന്തം ഇഷ്ടപ്രകാരം താൻ മുസ്‌ലിമാണെന്ന് പറയാനും ഒരു മുസ്‌ലിം എന്ന നിലയിൽ അല്ലാഹു എന്നിൽ ഇട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ഏൽക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയുമാണ് വേണ്ടത്. ഇത് വെറും വാദം മാത്രമല്ല. അല്ലാഹു പറയുന്നു **വഹുവ മുഹ്‌സിനുൻ** അവൻ നന്മ ചെയ്യുന്നവനുമായിരി ക്കും. അല്ലാഹു പറഞ്ഞിരിക്കുന്ന എല്ലാ പ്രവർത്തികളും ഉത്തമമായ രീതിയിൽ അവൻ ചെയ്യുന്നതാണ്. അല്ലാഹുവിന്റെ കൽപനകൾ പ്രാവർത്തി കമാക്കുക എന്ന ഉത്തരവാദിത്വമാണ് ഏൽക്കേണ്ടത്. അല്ലാഹു വിലക്കിയിരിക്കുന്ന എല്ലാ തിന്മകളിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുന്നു. ഈ ഒരവസ്ഥ കൈവരിച്ചു കഴിഞ്ഞാൽ അല്ലാഹുവിന്റെ പ്രീതിയുടെ ദൃഷ്ടി അങ്ങനെയുള്ളവരിൽ പതിയുന്നതാണ്.

അല്ലാഹു തുടർന്ന് പറയുന്നു: ഇങ്ങനെയായി നിങ്ങൾ മാറിയാൽ ഒരു തരത്തിലുമുള്ള ഭയത്തിന്റെയും ദുഃഖത്തിന്റെയും ആവശ്യം നിങ്ങൾക്കില്ല. സദ്പ്രവർത്തികൾ കഴിഞ്ഞുപോയ പ്രവർത്തനങ്ങളുടെ ന്യൂനതക്കുള്ള പരിഹാരമായിത്തീരും. സദ്പ്രവർത്തിയുടെ തുടർച്ചയും സ്ഥിരമായി ചെയ്യലും അതേ പോലെ തിന്മയിൽ നിന്നുള്ള രക്ഷപ്പെടലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കലും വരാനിരിക്കുന്ന പാപങ്ങളിൽ നിന്ന് ഒരു വിശ്വാസിയെ രക്ഷിക്കുന്നതാണ്. ദുഃഖങ്ങളിൽ നിന്നും ഭയത്തിൽ നിന്നും അവനെ അകറ്റുന്നതുമായിരിക്കും.

ഹ: മസീഹ് മൗഊദ് (അ) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "അറബി ഭാഷാനിഘണ്ടുവിൽ ഇസ്‌ലാം എന്ന് പറഞ്ഞാൽ ഒരു വസ്ഥുവിന്റെ മൂല്യം മുൻകൂറായി നൽകുക എന്നതാണ്. മറ്റൊരർഥം തന്റെ ജോലി മറ്റൊരാളെ ഏൽപ്പിക്കുക. സമാധാനം ഉണ്ടാക്കുക. തർക്കവും കലഹവും ഉപേക്ഷിക്കുക. ഈ നാല് കാര്യങ്ങൾക്കാണ് ഇസ്‌ലാം എന്ന് പറയുക. അതായത് ഒരു വസ്തുവിന് മുൻകൂറായി പണം നൽകുക. ആരെയെങ്കിലും തന്റെ ജോലി ഏൽപ്പിക്കുക. സമാധാനത്തിനായി ശ്രമിക്കുക. എല്ലാതരം തർക്കങ്ങളും ഉപേക്ഷിക്കുക. എന്നാൽ ഇസ്‌ലാമിന്റെ സാങ്കേതികാർത്ഥം വിശുദ്ധ ഖുർആനിലെ ഈ ആയത്തിൽ പരാമർശിച്ചതാണ്.

بَلٰى ۚ مَنْ اَسْلَمَ وَجْهَهٗ لِلّٰهِ وَهُوَ مُحْسِنٌ فَلَهٗٓ اَجْرُهٗ عِنْدَ رَبِّهٖ ۪
وَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُوْنَ ﴿۱۱۳﴾ (2:113)

മുസ്‌ലിം എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ അസ്ഥിത്വം ആസകലം സമർപ്പിക്കുന്നവനാണ്. തന്റെ അസ്ഥിത്വത്തെ അല്ലാഹുവിനു വേണ്ടിയും അവന്റെ പ്രീതി കരസ്ഥമാക്കുന്നവനുവേണ്ടിയും വഖ്ഫ് ചെയ്യുക. അല്ലാഹുവിന് വേണ്ടി തുടർന്ന് സൽപ്രവർത്തികളിൽ മുഴുകുക. തന്റെ അസ്ഥിത്വത്തിന്റെ സർവ്വ പ്രവർത്തനക്ഷമതയും അവന്റെ മാർഗത്തിൽ വിനിയോഗിക്കുക.

ചുരുക്കത്തിൽ വിശ്വാസപരമായും കർമ്മപരമായും പൂർണ്ണമായും അല്ലാഹുവിന്റേതായിതീരുക എന്നതാണ് ഇതിന്റെ അർത്ഥം. വിശ്വാസപരമായി എന്ന് പറഞ്ഞാൽ തന്റെ അസ്ഥിത്വം ആസകലം അല്ലാഹുവിനെ തിരിച്ചറിയാനും അവനെ അനുസരിക്കാനും അവന്റെ സ്നേഹവും പ്രീതിയും പ്രേമവും കരസ്ഥമാക്കുവാനുള്ള വസ്തുക്കളായി കണക്കാക്കുക. കർമ്മപരമായി എന്ന് പറഞ്ഞാൽ എല്ലാ യഥാർത്ഥ നന്മകളും അല്ലാഹുവിന് വേണ്ടി മാത്രം ചെയ്യുക. അല്ലാഹു നൽകിയിരിക്കുന്ന എല്ലാ കഴിവുകളും ശക്തികളും മുഖേന സർവ്വ നന്മകളും ചെയ്യുക. തന്റെ അനുസരത്തിന്റെ ദർപ്പണത്തിൽ തന്റെ യഥാർത്ഥ ആരാധ്യന്റെ മുഖം ദർശിച്ചു കൊണ്ടിരിക്കുന്നതു പോലുള്ളത്ര താത്പര്യത്തോടും ആവേശത്തോടും കൂടി ആയിരിക്കണം ഇതു ചെയ്യേണ്ടത്.

ഈ ഒരു സ്ഥാനമാണ് വിശ്വാസപരമായും കർമ്മപരമായും നാം കരസ്ഥമാക്കേണ്ടത്. നാം സ്വയം സംസ്ക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നമ്മുടെ വിശ്വാസത്തിൽ നാം സുദൃഢരാണെങ്കിൽ, നമ്മുടെ പ്രവർത്തനത്തെ കുറിച്ച് നാം സ്വയം ആത്മപരിശോധന നടത്തുന്നവരാണെങ്കിൽ അതായത് ഇവയെല്ലാം ദൈവപ്രീതിക്കായാണോ ഞാൻ ചെയ്യുന്നതെന്ന് നോക്കുകയാണെങ്കിൽ, അവയെ ദൈവപ്രീതിക്കനുഗുണമായി മാറ്റാൻ ശ്രമിക്കുകയാണെങ്കിൽ, നാം ദുആക്ക് കൂടുതൽ ഊന്നൽ നൽകുകയാണെങ്കിൽ ഭൗതികർ അവരുടെ ഭൗതിക നിയമത്തിന്റെ തണലിൽ അക്രമം നടത്തുകയാണെങ്കിൽ തന്നെ, അല്ലാഹുവിന്റെ സവിധത്തിൽ നമ്മൾ സ്വീകരിക്കപ്പെടുന്നവരായി മാറുന്നതാണ്.

വിശുദ്ധ ഖുർആൻ ഇങ്ങനെയുള്ള അക്രമികളുടെ ഉദാഹരണം നൽകിക്കൊണ്ട് ആദ്യമേ തന്നെ നമ്മുടെ ഹൃദയത്തിന് ശാന്തി പകരുകയുണ്ടായി. ഹ : മൂസാ (അ) നെ വിശ്വസിക്കുന്നവരിൽ മാന്ത്രികന്മാരും ഉണ്ടായിരുന്നു. മന്ത്രവിദ്യകൾ നടത്താനായാണ് ആദ്യം അവർ വന്നത്. പിന്നീട് അവർ വിശ്വ

സിക്കുകയുണ്ടായി. അവർക്ക് ശിക്ഷ വിധിച്ചപ്പോൾ അവർ നൽകിയിരുന്ന മറുപടി ഇതാണ്. فَاقْضِ مَآ اَنْتَ قَاضٍ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുക. اِنَّمَا تَقْضِىْ هٰذِهِ الْحَيٰوةَ الدُّنْيَا നിനക്ക് ഭൗതിക ജീവിതത്തെ കുറിച്ച് മാത്രമേ വിധിക്കാൻ സാധിക്കുകയുള്ളൂ. ഈ ജീവിതത്തെ അവസാനിപ്പിക്കാൻ സാധിച്ചേക്കാം.

അതുകൊണ്ട് ഏതെങ്കിലും ഭരണകൂടം അക്രമം നടത്താൻ തയ്യാറാവുകയാണെങ്കിൽ തന്നെ അവരുടെ മുമ്പാകെ വിശ്വാസികളുടെ പര്യവസാനത്തിന്റെ മാതൃകയുണ്ട്. അതേ പോലെ ഫിർഔനുകളുടെ പര്യവസാനത്തിന്റെ മാതൃകയുമുണ്ട്. അവസാന വിജയം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശ്വസികൾക്ക് തന്നെയായിരിക്കും. ഇവിടെയും اِنْ شَآءَ اللّٰهُ വിജയം ഉണ്ടാകുന്നതാണ്.

ഭൗതികരെ ഭയക്കുന്ന വിശ്വാസമല്ല നാം പ്രകടിപ്പിക്കേണ്ടത്. വല്ല ഭയവും ദുഃഖവും നമുക്കുണ്ടെങ്കിൽ അല്ലാഹുവിന്റെ പ്രീതി എങ്ങനെ കരസ്ഥമാക്കാൻ സാധിക്കും എന്നതിലായിരിക്കണം. അവന്റെ സാമീപ്യം എങ്ങനെ കരസ്ഥമാക്കും എന്നതിലായിരിക്കണം. അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെയും വിശ്വാസപ്രഖ്യാപനം നടത്തുന്നവരുടെയും സദ്പ്രവർത്തികൾ ചെയ്യുന്നവരുടെയും ഉന്നതസ്ഥാനത്തെ കുറിച്ച് സൂറാ നിസാഇലെ ഈ ആയത്തിൽ അല്ലാഹു പറയുന്നു.

وَمَنْ اَحْسَنُ دِيْنًا مِّمَّنْ اَسْلَمَ وَجْهَهٗ وَهُوَ مُحْسِنٌ وَّاتَّبَعَ
مِلَّةَ اِبْرٰهِيْمَ حَنِيْفًا ۗ وَاتَّخَذَ اللّٰهُ اِبْرٰهِيْمَ خَلِيْلًا ۝١٢٦ (4:126)

സൽക്കർമ്മം ചെയ്യുന്നവനായിരിക്കെ തന്നത്താൻ അല്ലാഹുവിൽ സമർപ്പിക്കൂകയും ഋജുമാനസനായ ഇബ്റാഹീമിന്റെ മതത്തെ പിൻപറ്റുകയും ചെയ്യുന്നവനെക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ്? ഇബ്റാഹീമിനെ അല്ലാഹു തന്റെ ഉറ്റ സുഹൃത്താക്കിയിരിക്കുന്നു. (4:126)

അല്ലാഹുവിന്റെ സുഹൃത്തായിത്തീരണമെങ്കിൽ ഇബ്റാഹീമിന്റെ മില്ലത്തിനെ പിൻപറ്റുകയാണ് വേണ്ടത്. മില്ലത്ത് എന്നതിന് വിവിധ അർത്ഥങ്ങളുണ്ട്. ഒരർത്ഥം പാത, വഴി എന്നതാണ്. മതം എന്നും അർത്ഥമുണ്ട്. ഇതു കാരണം ഹ: ഇബ്റാഹീം (അ) ന്റെ ഗുണങ്ങൾ വിവരിച്ചത് ഇതാണ്. وَاِبْرٰهِيْمَ الَّذِيْ وَفّٰى

ഹ: മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി പറയുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗം അവനു വേണ്ടി സത്യസന്ധത പ്രകടിപ്പിക്കുക എന്നതാണ്. ഹ:ഇബ്റാഹീം (അ)ന് കരസ്ഥമായ സാമീപ്യത്തിന് കാരണമായി അല്ലാഹു പറയുന്നത് وَاِبْرٰهِيْمَ الَّذِيْ وَفّٰى എന്നതാണ്. ഇബ്റാഹീം പൂർണ്ണമായി കൂറ് പുലർത്തിയ ഇബ്റാഹീം ആയിരുന്നു. അല്ലാഹുവിനോട് കൂറ് പുലർത്തുന്നതിനും സത്യസന്ധതയും ആത്മാർത്ഥതയും പ്രകടിപ്പിക്കുന്നതിനും ഒരു മരണം അനിവാര്യമാണ്. മനുഷ്യൻ ഈ ഭൗതിക അഭിമാനങ്ങളിലും മഹത്വങ്ങളിലും നിന്ദ്യത സ്വീകരിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ, എല്ലാതരം അപമാനവും കാഠിന്യവും പ്രയാസവും അല്ലാഹുവിന് വേണ്ടി സഹിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഈ ഗുണം ഉണ്ടായിത്തീരുന്നതല്ല. പൂർണ്ണമായും അല്ലാഹുവിന് വേണ്ടി ആയിത്തീരുന്നില്ലെങ്കിൽ, അവന്റെ മാർഗത്തിൽ എല്ലാ പ്രയാസങ്ങളും സഹിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ സത്യസന്ധതയുടെയും ആത്മാർത്ഥതയുടെയും നിറം തന്നിൽ ഉണ്ടാക്കിയെടുക്കാൻ കഴിയില്ല. അത് പ്രയാസമാണ്. അല്ലാഹു പ്രവർത്തിയാണ് ആഗ്രഹിക്കുന്നത്. പ്രവർത്തനത്തിലൂടെയാണ് അവൻ തൃപ്തനാകുന്നത്. പ്രവർത്തനം ദുഃഖത്താൽ ഉടലെടുക്കുന്നു. എന്നാൽ അല്ലാഹുവിന് വേണ്ടി ദുഃഖം സഹിക്കാൻ മനുഷ്യൻ തയ്യാറായാൽ അല്ലാഹു അവനെ ദുഃഖത്തിൽ നിലനിർത്തുകയില്ല. തന്റെ ഹൃദയത്തെ അന്യരിൽ നിന്നും ശുദ്ധീകരിക്കുകയും ദൈവ സ്നേഹത്താൽ അതിനെ നിറക്കുകയും അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് നടക്കുകയും നിഴൽ അതിന്റെ യഥാർഥ രൂപത്തെ പിൻപറ്റുന്നതു പോലെ പിൻപറ്റുകയും അവന്റെയും അല്ലാഹുവിന്റെയും ഇഷ്ടം ഒന്നായിത്തീരുകയും ഒരു വ്യത്യാസവും ഇല്ലാതിരിക്കലും ചെയ്യുക. ഇവയെല്ലാം ദുആ മുഖേനയാണ് കരസ്ഥമാകുന്നത്. ഇതെല്ലാമായിരുന്നു ഹ: ഇബ്റാഹീമിന്റെ ഗുണങ്ങൾ.

പറയുന്നു: ഇസ്ലാമിന്റെ യാഥാർത്ഥ്യം ഒരാളിൽ പ്രകടമാകുന്നത് തന്റെ അസ്ഥിത്വം അതായത് ബാഹ്യവും ആന്തരികവുമായ സർവ്വ കഴിവുകളും അല്ലാഹുവിന് വേണ്ടിമാത്രം അവന്റെ മാർഗത്തിൽ സമർപ്പിക്കുമ്പോഴാണ്. അല്ലാഹുവിൽ നിന്ന് ലഭിച്ചിരിക്കുന്ന അമാനത്തുകളെല്ലാം തന്നെ യഥാർത്ഥ ദാദാവിന് തന്നെ ശരിയായ രീതിയിൽ തിരിച്ചു നൽകുമ്പോഴാണ്. വിശ്വാസപരമായി മാത്രമല്ല, പ്രവർത്തന ദർപ്പണത്തിലും തന്റെ ഇസ്ലാമും അതിന്റെ സമ്പൂർണ്ണമായ രൂപവും പ്രദർശിപ്പിക്കുകയും വേണം. അതായത് ഇസ്ലാം സ്വീകരിച്ചിരിക്കുന്നു എന്ന് വാദിക്കുന്ന വ്യക്തി അവന്റെ കയ്യും കാലും ഹൃദയവും മസ്തിഷ്കവും ബുദ്ധിയും തിരിച്ചറിവും അവന്റെ കോപവും കരുണയും അവന്റെ നമ്രതയും അറിവും അവന്റെ ആത്മീയവും ശാരീരികമായ സർവ്വ ശക്തികളും അവന്റെ അഭിമാനവും ധനവും അവന്റെ സുഖങ്ങളും സന്തോഷങ്ങളും അവന്റെ തലമുടി മുതൽ കാലിന്റെ നഖം വരെയുള്ള ബാഹ്യവും ആന്തരികവുമായ സർവ്വതും എത്ര മാത്രമെന്നാൽ അവന്റെ നിയ്യത്തുകൾപ്പോലും അവന്റെ ഹൃദയത്തിലെ ചിന്തകളും അവന്റെ മനസ്സിന്റെ വികാരങ്ങളും എല്ലാം തന്നെ ഒരാളുടെ അവയവങ്ങൾ അയാളെ പിൻപറ്റുന്നതു പോലെ അല്ലാഹുവിനെ പൂർണ്ണമായും പിൻപറ്റുന്നതായിത്തീരണം. ചുരുക്കത്തിൽ അവന്റേതായി ഒന്നും ഇപ്പോൾ അവന്റേതല്ലാതായിത്തീരുകയും എല്ലാം അല്ലാഹുവിന്റേതായിത്തീരുകയും ചെയ്തിരിക്കുന്ന രീതിയിൽ അവൻ സത്യസന്ധതയിൽ മുന്നേറണം. അവന്റെ എല്ലാ അവയവങ്ങളും ശക്തികളും ദൈവിക സേവനത്തിൽ പൂർണ്ണമായും മുഴുകിയിരിക്കണം. എത്ര മാത്രമെന്നാൽ അവയെല്ലാം അല്ലാഹുവിന്റെ അവയവങ്ങളായി മാറിയതു പോലെയായിരിക്കണം.

ചുരുക്കത്തിൽ ഓരോ അഹ്മദിയും കരസ്ഥമാക്കേണ്ട സ്ഥാനമാണിത്. ഈ സ്ഥാനം കരസ്ഥമാക്കാനായി നാം ശ്രമിക്കുമ്പോഴാണ് യഥാർത്ഥ മുസ്ലിം ആണെന്ന് നമുക്ക് വിളംബരപ്പെടുത്താൻ സാധിക്കുകയുള്ളൂ. അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നവരായി നാം മാറുന്നത് അപ്പോഴാണ്.

അല്ലാഹു ജമാഅത്ത് തലത്തിലും ജമാഅത്തിലെ ഭൂരിഭാഗം ആളുകളും ഈ സ്ഥാനം കരസ്ഥമാക്കുന്നവരാക്കി മാറ്റട്ടെ. പ്രാർത്ഥനയിൽ കൂടുതൽ ശ്രദ്ധിക്കുന്നവരായി മാറട്ടെ. യഥാർത്ഥ അർത്ഥത്തിൽ ഇസ്ലാമിന്റെ നിറം സ്വീകരിക്കുന്നവരായി നാം മാറട്ടെ. അങ്ങനെ അല്ലാഹുവിന്റെ ഫള്ല് സ്വീകരിച്ചുകൊണ്ട് بُشْرٰى لِلْمُسْلِمِيْنَ എന്ന് അല്ലാഹു പറഞ്ഞവരുടെ ഗണത്തിൽ നാം ഉൾപ്പെടുമാറാകട്ടെ. പൂർണ്ണമായി അനുസരണം

പുലർത്തിക്കൊണ്ട് ഇസ്‌ലാമിന്റെ കല്പനകൾ അനുസരിച്ച് ജീവിക്കുന്നവർക്ക് സുവാർത്തയുണ്ട്. അല്ലാഹുവിൽ നിന്ന് സുവാർത്ത ലഭിക്കുമ്പോൾ ശത്രുക്കളെ ഇല്ലായ്മ ചെയ്യുന്നതും അവരുടെ നാശവും ദൃശ്യമാകുന്നു.

നമ്മിൽ ഭൂരിഭാഗത്തിനും പ്രാർത്ഥനയിലേക്ക് ശ്രദ്ധ തിരിക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ. ഓരോ അഹ്മദിയും ദുആയിലേക്ക് ശ്രദ്ധ തിരിയട്ടെ. അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടായിത്തീരട്ടെ, എതിരാളികളുടെ പര്യവസാനം വേഗം കാണുന്നവരായി നാം മാറട്ടെ.

ഇതിനു ശേഷം കറാച്ചിയിൽ ശഹീദാക്കപ്പെട്ട വ്യക്തിയെ കുറിച്ച് ലഘുവിവരണം നൽകുന്നതാണ്. اِنْ شَآءَ اللّٰهُ ജുമുഅ നമസ്കാരത്തിന് ശേഷം ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്. ചൗധരി ഹാമിദ് സമീഅ് സാഹിബ് എന്നാണ് പേര്. ചൗധരി അബ്ദുസ്സമീഅ് ഖാദിം സാഹിബ് മർഹൂമിന്റെ മകനാണ്. ഗുൽശൻ ഇഖ്ബാൽ കറാച്ചിയിലാണ് താമസിച്ചിരുന്നത്. ജൂണ് 11 ന് അദ്ദേഹത്തെ ശഹീദാക്കി. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ ഉപ്പാപ്പ ചൗധരി അബ്ദുർറഹീം സാഹിബ് മുഖേനയാണ്. അബ്ദുർറഹീം സാഹിബ് ഇന്ത്യയിലെ ഗുർദാസ്പൂർ ജില്ലക്കാരനായിരുന്നു. ഇദ്ദേഹത്തിന്റെ പിതൃമാതാവ് സർദാർ ബീഗം സാഹിബ ഹ: മസീഹ് മൗഊദ് (അ) ന്റെ സഹാബി ചൗധരി മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മകളായിരുന്നു. ഇദ്ദേഹത്തിന്റെ ഉപ്പാപ ചൗധരി അബ്ദുർറഹീം സാഹിബ് 1924 ലാണ് ബൈഅത്ത് ചെയ്തത്. ബൈഅത്തിന് ശേഷം തന്റെ മാതാപിതാക്കളുടെ ശക്തമായ എതിർപ്പിന് അദ്ദേഹം പാത്രമായി. ഈ എതിർപ്പ് ഇന്ന് തുടങ്ങിയതല്ല. മുമ്പേ ഉള്ളതാണ്. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ ശിക്ഷിച്ചത് ഇപ്രകാരമായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളൻക്കയ്യിനു മുകളിൽ കട്ടിലിന്റെ കാൽ വെച്ച് കെട്ടിയിടും എന്നിട്ട് കട്ടിലിൽ കിടന്ന് ഉറങ്ങും. അങ്ങനെ രാത്രി മുഴുവനും കെട്ടിയിട്ട അവസ്ഥയിലായിരിക്കും ഉണ്ടാകുക. ഇതു കാരണം ഉള്ളൻ കയ്യിൽ അടയാളവും വന്നിരുന്നു.

1929 ൽ ഇവർ ലാഹോറിലേക്ക് വന്നു ഹാമിദ് സമീഅ് സാഹിബ് ലാഹോറിലാണ് ജനിച്ചത്. ഇദ്ദേഹം ചാർട്ടട് അക്കൗണ്ടന്റ് ആയിരുന്നു. ഇദ്ദേഹത്തിന്റെ പിതാവും ചാർട്ടട് അക്കൗണ്ടന്റ് ആയിരുന്നു. ചാർട്ടട് അക്കൗണ്ടിന്റെ ഒരു ഫേം ഇവർക്കുണ്ട്. അത് നടത്തിക്കൊണ്ട് പോകുകയായിരുന്നു. ശഹാദത്ത് സമയം ഇദ്ദേഹത്തിന്റെ വയസ്സ് 48 ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. അസർ നമസ്ക്കാരത്തിന് ശേഷം ഏകദേശം ആറരമണിക്ക് ജിന്നാ റോഡ് കറാച്ചിയിലുള്ള തന്റെ ഫേമിൽ നിന്ന് കാറിൽ പോകുകയായിരുന്നു. അനഹ്മദി സുഹൃത്തും ഇദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഇദ്ദേഹം ഓഫീസിൽ നിന്നും അല്പം മുന്നോട്ട് നീങ്ങിയിട്ടുണ്ടാകും. അജ്ഞാതരായ തോക്കുധാരികൾ മോട്ടോർ ബൈക്കിൽ വന്ന് തുടർച്ചയായി നിറയൊഴിച്ചു. മുറിവുകളുടെ അവസ്ഥ നോക്കുമ്പോൾ ഘാതകർ രണ്ട് മോട്ടോർ സൈക്കിളിൽ വന്നു എന്നാണ് കരുതുന്നത്. വണ്ടിയുടെ രണ്ട് വശത്തു നിന്നും ഇവർ അക്രമിക്കുകയുണ്ടായി. ഏകദേശം 6 വെടിയുണ്ടകൾ നെറ്റിയിൽ തുളച്ചു കയറി. മുഖത്തും അരക്കെട്ടിലും എല്ലാം വെടിയേൽക്കുകയുണ്ടായി. ഇതു കാരണം സംഭവസ്ഥലത്തുവെച്ച് തന്നെ അദ്ദേഹം ശഹീദായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ രണ്ട് സുഹൃത്തുക്കൾക്കും മുറിവേറ്റിട്ടുണ്ട്. ഒരാളുടെ സ്ഥിതി വളരെ മോശമാണ്. അല്ലാഹു അദ്ദേഹത്തിൽ കരുണ ചൊരിയട്ടെ. മുറിവേറ്റ രണ്ട് സുഹൃത്തുകൾക്കും നേരിട്ട് വെടിയേറ്റതല്ല. ഇദ്ദേഹത്തിന്റെ ശരീരത്തിലൂടെ തുളച്ച് വന്ന വെടിയുണ്ടകൾ ഇവർക്ക് ഏറ്റതാണ്.

ശഹീദ് മർഹൂം തന്റെ ഹൽഖയിലെ സിക്രട്ടറി മാൽ ആയിരുന്നു. അൻസാറിന്റെ ശുഅ്ബയെ മാലിൽ പ്രവർത്തിച്ചിട്ടുണ്ട്. സൽസ്വഭാവിയും സഹിഷ്ണത ഉള്ള ആളും ആയിരുന്നു. എപ്പോഴും പുഞ്ചിരി തൂകുന്ന മുഖമായിരുന്നു. വളരെയധികം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. ഭാര്യയോടും മക്കളോടും മറ്റുള്ളവരോടും വളരെ വാത്സല്യത്തോടെയാണ് വർത്തിച്ചിരുന്നത്.

സദർ സഹിബ് ഹൽഖ പറയുന്നു. ശഹീദ് വളരെ നല്ല അനുസരണമുള്ള വ്യക്തിയായിരുന്നു. മെയ് മാസത്തിൽ തന്നെ ചന്ദ അടച്ചു പൂർത്തിയാക്കാൻ പറഞ്ഞിരുന്നു. ഉടനെ അദ്ദേഹം ചന്ദ അടച്ചു തീർക്കുകയും കൂടുതലായി നൽകുകയും ചെയ്തു. ജൂണ് 11 ന് ഒരു ദിവസം മുമ്പ് മൂസികളുടെ മീറ്റിംഗ് നടത്തി. വളരെ നല്ല രീതിയിൽ വസിയ്യത്തിന്റെ പ്രാധാന്യവും മൂസികളുടെ ഉത്തരവാദിത്വവും വിവരിക്കുകയുണ്ടായി. നല്ലതു പോലെ സംസാരിക്കുന്ന ആളായിരുന്നു. ഇന്റൻ ശിപ്പിനായി അഹ്മദികളെ പലവിധത്തിലും സഹായിക്കാറുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ സബാ ഹാമിദ് സാഹിബയാണ്. രണ്ട് പെൺ മക്കൾ റുഖ്സാന 14 വയസ്സ്, ബാറി ഹാമിദ 7 വയസ്സ്, മകൻ റാസിഖ് അഹ്മദ് 3 വയസ്സ്. അല്ലാഹു തആല ഇവർക്ക് ക്ഷമയും ധൈര്യവും നൽകട്ടെ. ഇവരുടെ സംരക്ഷകനായി മാറട്ടെ. ഇദ്ദേഹത്തിന്റെ സഹോദരീ സഹോദരന്മാർ പാക്കിസ്ഥാന്റെ പുറത്താണ് താമസിക്കുന്നത്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ.


**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

## PRINTED BOOKS

**To**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 June 14 at : Baithul Futuh, U.K
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**